കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **234/2026** തീയതി : **07/11/2026**

പത്രക്കുറിപ്പ്

പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ അഞ്ചാം സെമസ്റ്റർ ബിടെക്, ഡിസംബർ 2026 (2020 സ്കീം – റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021, 2022 & 2023 അഡ്മിഷൻ) പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരള സർവകലാശാല 2026 നവംബർ 18 മുതൽ നടത്താൻ തീരുമാനിച്ചിരുന്ന മൂന്നാം സെമസ്റ്റർ എംഎ/എംഎസ്സി/എംകോം/എംഎസ്ഡബ്ല്യൂ/ എംഎഎച്ച്ആർഎം/എംഎംസിജെ/എംടിടിഎം പരീക്ഷകൾ 2026 ഡിസംബർ 03 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഫിലോസഫി, എംഎ ഇസ്ലാമിക് ഹിസ്റ്ററി, എംഎ സോഷ്യോളജി, എംഎ ഹിസ്റ്ററി (വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രഫി), എംഎ ഡാൻസ് (കേരള നടനം), എംഎ തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎ മ്യൂസിക് (മൃദംഗം), എംഎ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎ ഇക്കണോമിക്സ് (ബിഹേവിയറൽ ഇക്കണോമിക്സ് ആന്റ് ഡാറ്റാ സയൻസ്), എംഎ പൊളിറ്റിക്കൽ സയൻസ്, എംഎ മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, എംഎസ്ഡബ്ല്യൂ (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 നവംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംകോം ഫിനാൻസ് (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2026 നവംബർ 18 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 സെപ്റ്റംബറിൽ നടത്തിയ ഇന്റഗ്രേറ്റഡ് ഡിപ്ലോമ എക്സാമിനേഷൻ ഇൻ റഷ്യൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2026 നവംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബിഎ സി.ബി.സി.എസ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 നവംബർ 09 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബികോം സി.ബി.സി.എസ്. (159), (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 – 2023 അഡ്മിഷൻ, മേഴ്സി ചാൻസ് – 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 നവംബർ 09 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ/ബിഎസ്സി/ബികോം/ബിബിഎ/ബിസിഎ/ബിപിഎ/ബിവോക്/ ബിഎംഎസ്/ബിഎസ്ഡബ്ല്യൂ എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 നവംബർ 09 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബിഎസ്സി (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 നവംബർ 09 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

ടൈംടേബിൾ

കേരള സർവകലാശാല 2026 ഡിസംബർ 07 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര) എൽഎൽബി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2027 ജനുവരി 6 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഒന്ന്, രണ്ട് സെമസ്റ്റർ (റെഗുലർ - 2025 അഡ്മിഷൻ, സപ്ലിമെന്ററി – 2023 & 2024 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ

പ്രസിദ്ധീകരിച്ചു. പ്രാക്ടിക്കൽ പരീക്ഷകൾ കാര്യവട്ടം ക്യാമ്പസ്സിലെ സെന്റർ ഫോർ അണ്ടർ ഗ്രാജ്യുവേറ്റ് സ്റ്റഡീസിൽ വച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബിപിഎ മ്യൂസിക്, ബിപിഎ മ്യൂസിക് (വീണ), സെപ്റ്റംബർ 2026 പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 നവംബർ 10 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in